# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5346** **01.07.2014**- ലെ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്തു വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് വർഷത്തിൽ എത്ര ദിവസത്തെ പ്രത്യേക കാഷ്വൽ ലീവ് ആണ് അനുവദിക്കുന്നത ; | (എ) സഹകരണ ബാങ്കുകളിൽ ജോലി ചെയ്തുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിലും മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിൽ യോഗങ്ങളിലും പങ്കെടുക്കുന്നതിന് വർഷത്തിൽ 12 ദിവസത്തെ കാഷ്വൽ ലീവ് അനുവദിക്കുന്നുണ്ട്. |
| ബി) എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് എത്ര ദിവസത്തെ പ്രത്യേക കാഷ്വൽ ലീവ് ആണ് അനുവദിക്കുന്നത് എന്നറിയിയാമോ; | (ബി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യപകരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർക്ക് പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിലും മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിൽ യോഗങ്ങളിലും പങ്കെടുക്കുന്നതിന് 10 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവും ടി സ്കൂളിലെ അനദ്ധ്യാപകർക്ക് പ്രസ്തുത യോഗങ്ങളിൽ പങ്കെടുക്കുന്നതിന് 12 ദിവസത്തെ പ്രത്യേക കാഷ്വൽ ലീവും അനുവദിക്കുന്നുണ്ട്. |
| സി) എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്നതുപോലെ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്കും സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കും സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുള്ളതിൽ തുല്യത നിലനിൽക്കുന്നതിനാൽ ഇതു സംബന്ധിച്ച് പ്രത്യക നടപടി ആവശ്യമില്ല. |

**സെക്ഷൻ ഓഫീസർ**